"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - ഈങ്ങാപ്പുഴ എം. ജി. എം. എച്ച്. എസ്. എസ്സിലെ എച് എസ് ടി (ഹിന്ദി) ശ്രീമതി. നീതു ചാക്കോയുടെ നിയമനാംഗീകാരം -കോർപ്പറേറ്റ് മാനേജർ, കാതോലിക്കേറ്റ് എം.ഡി. സ്കൂൾസ്, ദേവലോകം, കോട്ടയം, സമർപ്പിച്ച കാറ്റഗറി I റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.2604/2025/GEDN തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം:-
1. കോർപ്പറേറ്റ് മാനേജർ, കാതോലിക്കേറ്റ് എം.ഡി. സ്കൂൾസ്, ദേവലോകം, കോട്ടയം സമർപ്പിച്ച 26/9/2024 ലെ കാറ്റഗറി I റിവിഷൻ ഹർജി.
2. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 3/1/2025 ലെ ബി1/10143/2024 ഡിഡിഇ കെ കെ ഡി നമ്പർ കത്ത്
3. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 3/1/2025 ലെ ബി3/2512/2024 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 6/1/2025 ലെ DGE/23110/2024-EM3 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ ഈങ്ങാപ്പുഴ എം.ജി.എം.എച്ച്.എസ്.എസ്. ൽ എച് എസ് ടി (ഹിന്ദി) ആയ ശ്രീമതി. നീതു ചാക്കോയുടെ നിയമനാംഗീകാരം സംബന്ധിച്ച് കാതോലിക്കേറ്റ് (എം.ഡി. സ്കൂൾസ്, ദേവലോകം) കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയത് പ്രകാരം മാനേജരേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും 8/1/2025 ന് കേൾക്കുകയുണ്ടായി.

**(2) ഹിയറിംഗ് വേളയിലെ മാനേജരുടെ വാദങ്ങൾ:-**

കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഈങ്ങാപ്പുഴ എം.ജി.എം. എച്ച്.എസ്.എസ്. ൽ ശ്രീമതി. നീതു ചാക്കോയെ 01- 09- 2021 മുതൽ എച്ച്. എസ്.റ്റി (ഹിന്ദി) തസ്തികയിൽ നിയമിച്ചു. ശ്രീമതി. ബേബി മാത്യു 31-03-2020ൽ സേവനത്തിൽ നിന്ന് വിരമിച്ച ഒഴിവിലാണ്

ശ്രീമതി. നീതു ചാക്കോയെ നിയമിച്ചത്. താഴെ പറയുന്ന കാരണങ്ങളാൽ താമരശ്ശേരി ഡി.ഇ.ഒ നിയമനാംഗീകാരം നിരസിച്ചു.

1)ആന്റിസിഡന്റ് സർട്ടിഫിക്കറ്റിൽ മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല.

2)28/08/2019 തീയതിയിലെ ജെ3/80/2019//പൊ.വി.വ. സർക്കുലർ പ്രകാരമുള്ള സത്യപ്രസ്താവന ഹാജരാക്കിയിട്ടില്ല.

3)സംരക്ഷിതാദ്ധ്യാപിക ജോലി ചെയ്യുന്നത് സംബന്ധിച്ചുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4) കൂടാതെ നിയമന വേളയിൽ ശ്രീമതി. നീതു ചാക്കോ കെ.ടെറ്റ് (കാറ്റഗറി- 3) യോഗ്യത നേടിയിട്ടില്ല.

ഈ ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീൽ, കോഴിക്കോട് വിദ്യാദ്യാസ ഉപഡയറക്ടർ നിരസിച്ചു. പൊതു വിദ്യാദ്യാസ ഡയറക്ടർ മുമ്പാകെ ഫയൽ ചെയ്ത റിവിഷൻ അപ്പീലും ഇതേ കാരണങ്ങളാൽ നിരസിച്ച് ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ബോധിപ്പിക്കുന്നു.

1. ആന്റിസിഡന്റ് സർട്ടിഫിക്കറ്റിലെ അപാകത പരിഹരിച്ച് നിയമന ശുപാർശയോടൊപ്പം സമർപ്പിച്ചുകൊള്ളാം.

2. 28-08-2019 തീയതിയിലെ ജെ3/80/2019/പൊ.വി. പ്രകാരമുള്ള സത്യപ്രസ്താവന ഹാജരാക്കിക്കൊള്ളാം.

3. സംരക്ഷിതാദ്ധ്യാപിക ജോലി ചെയ്യുന്നത് സംബന്ധിച്ചുള്ള സാക്ഷ്യപത്രം നിയമന ശുപാർശ സമർപ്പിക്കുമ്പോൾ സമർപ്പിക്കുന്നതാണ്.

4. ശ്രീമതി. നീതു ചാക്കോയ്ക്ക് നിയമന സമയത്ത് (01/09/2021 ൽ) കെ.ടറ്റ്-4 യോഗ്യത മാത്രമാണ് ഉണ്ടായിരുന്നത്. കെ.ടെറ്റ് കാറ്റഗറി- 3 യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷയില്ലായിരുന്ന സാഹചര്യത്തിൽ സ.ഉ (കൈ) നം. 58//2021/പൊ.വി.വ തീയതി 12-02-2021 ലേത് പോലെ കെ.ടെറ്റ് യോഗ്യത നേടുന്നതിനുള്ള സമയ പരിധി ദീർഘിപ്പിക്കുമെന്ന ധാരണയിലാണ് ശ്രീമതി. നീതു ചാക്കോയെ എച്ച്.എസ്.റ്റി (ഹിന്ദി) തസ്തിക യിൽ നിയമിച്ചത്. ശ്രീമതി. നീതു ചാക്കോ കെ.ടെറ്റ് കാറ്റഗറി- 3 യോഗ്യത 2022 മെയ് മാസം 307862 രജിസ്ററർ നമ്പർ പ്രകാരം നേടിയിട്ടുണ്ട്. പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച തീയതി 01-06-2022 ആണ്.

ഇതിനിടെ 2024 ലെ ഫയൽ അദാലത്തിൽ ശ്രീമതി. നീതു ചാക്കോ സമർപ്പിച്ച നിവേദനം പരിഗണിച്ച് 15-10-2024-ൽ അഡീഷണൽ സെക്രട്ടറിയുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. നീതു ചാക്കോ കെ.ടെറ്റ് യോഗ്യത നേടിയ

**01-06-2022** തീയതി വച്ച് മാനേജർ പുതുക്കിയ നിയമന ഉത്തരവ് സമർപ്പിക്കുന്ന മുറയ്ക്ക് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ **01-06-2022** മുതൽ ഭിന്നശേഷി സംവരണം ബാധകമായി നിയമനാംഗീകാരം നൽകാവുന്നതാണെന്നും, അപ്പലേറ്റ് ഉത്തരവ് ആവശ്യമില്ല എന്നും നിർദ്ദേശിച്ച് താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ **01-06-2022** തീയതി വച്ച് പുതുക്കിയ നിയമന ഉത്തരവ് സമന്വയ മുഖേന താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. ഇക്കാര്യങ്ങളുടെ വെളിച്ചത്തിൽ നിർദ്ദേശങ്ങളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**(3) വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-**

എം.ജി.എം.എച്ച്.എസ്.എസി.ലെ എച്ച്.എസ്.ടി. ഹിന്ദി അധ്യാപിക ശ്രീമതി. നീതു ചാക്കോയെ ഇതേ സ്കൂളിലെ എസ്.എസ്.ടി. ഹിന്ദി ശ്രീ. ബേബി മാത്യു **31/3/2020**-ന് വിരമിച്ച ഒഴിവിൽ **1/09/2021** മുതൽ ശമ്പള സ്കെയിൽ തുടർച്ചയായി നിയമിച്ചു . എന്നാൽ പ്രസ്തുത അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **ബി3/53123/2023** തീയതി **29/9/2023** ഉത്തരവു പ്രകാരം നിരസിക്കുകയുണ്ടായി.

1. ആന്റിസിഡന്റ് സർട്ടിഫിക്കറ്റിൽ നിയമിതയുടെ മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല.

2. **28/8/2019** തീയതിയിലെ **ജെ3/80/2019** സർക്കുലർ പ്രകാരമുള്ള സത്യപ്രസ്താവന ഹാജരാക്കിയിട്ടില്ല.

3. നിയമിത പ്രസ്തുത തസ്തികയിലേക്ക് ആവശ്യമായ **K-TET 3** യോഗ്യത നേടിയിട്ടില്ല.

4. പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെട്ട സ്കൂൾ ആയതിനാൽ സംരക്ഷിത അധ്യാപകർ ജോലി ചെയ്യുന്നത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രസ്തുത ഉത്തരവിനെതിരെ മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകിയെങ്കിലും ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിക്കാൻ ഇടയായ സാഹചര്യം ശരിവെച്ചുക്കൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ **ബ1/220714/23** തീയതി **5/1/2024** പ്രകാരം അപ്പീൽ നിരസിച്ചു. പ്രസ്തുത ഉത്തരവുകൾക്കെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചതിൽ മേൽപ്പറഞ്ഞ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **EM3/71927/2024** തീയതി **24/09/2024** ഉത്തരവ് പ്രകാരം റിവിഷൻ അപ്പീലും നിരസിക്കുകയുണ്ടായി.

ഇതിനെതിരെ ശ്രീമതി. നീതു ചാക്കോ, പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ ഫയൽ അദാലത്തിൽ ടി അധ്യാപികയുടെ കെ-ടെറ്റ് നേടിയ തീയതിയായ

01/06/2022 മുതൽ നിയമനം അംഗീകരിച്ചു കിട്ടുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേനെ നിവേദനം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ സെക്രട്ടറിയുടെ (പൊതു വിദ്യാഭ്യാസ വകുപ്പ്) കുറിപ്പ് പ്രകാരം 1/06/2022 വെച്ച് പുതുക്കിയ നിയമന ഉത്തരവ് മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണം പാലിച്ചുകൊണ്ട് നിയമനം അംഗീകരിച്ചു നൽകുവാൻ നിർദ്ദേശം നൽകുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഫയൽ റീ ഓപ്പൺ ചെയ്യുകയും അഡീഷണൽ സെക്രട്ടറിയുടെ (പൊതു വിദ്യാഭ്യാസ വകുപ്പ്) നിർദ്ദേശപ്രകാരം മാനേജർ നിയമന ഉത്തരവും മറ്റു രേഖകളും 01/06/2022 ലേക്ക് മാറ്റി സമന്വയ വഴി സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

**(4) ഈ വിഷയം ഹിയറിംഗിൽ ഉന്നയിച്ച വാദങ്ങളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.** കോഴിക്കോട് ജില്ലയിൽ ഈങ്ങാപ്പുഴ എം.ജി.എം.എച്ച്.എസ്.എസ്. ൽ HST ആയ ശ്രീമതി. നീതു ചാക്കോയുടെ നിയമനം ടിയാൾ കെ. ടെറ്റ് വിജയിച്ച തീയതിയായ 1/6/2022 മുതൽ അംഗീകരിച്ചു നൽകണമെന്നതാണ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം.

എം.ജി.എം.എച്ച്.എസ്.എസി. ലെ എച്ച്.എസ്.ടി. ഹിന്ദി അധ്യാപിക ശ്രീമതി. നീതു ചാക്കോയെ ഇതേ സ്കൂളിലെ എസ്.എസ്.ടി. ഹിന്ദി ശ്രീ. ബേബി മാത്യു 31/3/2020-ന് വിരമിച്ച ഒഴിവിൽ 1/9/2021 മുതൽ ശമ്പള സ്കെയിൽ തുടർച്ചയായി നിയമിച്ചു. എന്നാൽ ചുവടെ ചേർത്തിട്ടുള്ള കാരണങ്ങളാൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും നിയമനാംഗീകാരം നിരസിക്കുകയുണ്ടായി. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ EM3/711927/2024 തീയതി 24/09./2024 ഉത്തരവ് പ്രകാരം റിവിഷൻ അപ്പീലും നിരസിച്ചു.

1. ആന്റിസിഡന്റ് സർട്ടിഫിക്കറ്റിൽ നിയമിതയുടെ മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല.

2. 28/8/2019 തീയതിയിലെ ജെ3/80/2019 സർക്കുലർ പ്രകാരമുള്ള സത്യപ്രസ്താവന ഹാജരാക്കിയിട്ടില്ല.

3. നിയമിത പ്രസ്തുത തസ്തികയിലേക്ക് ആവശ്യമായ കെ.ടെറ്റ് 3 യോഗ്യത നേടിയിട്ടില്ല.

4. പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെട്ട സ്കൂൾ ആയതിനാൽ

സംരക്ഷിത അധ്യാപകർ ജോലി ചെയ്യുന്നത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതിനെതിരെ ശ്രീമതി. നീതു ചാക്കോ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ ഫയൽ അദാലത്തിൽ ടി അധ്യാപികയുടെ K-Tet നേടിയ തീയതിയായ 01/06/2022 മുതൽ നിയമനം അംഗീകരിച്ചു കിട്ടുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നിവേദനം നൽയിരുന്നു. അദാലത്തിൽ 1/6/2022 വെച്ച് പുതുക്കിയ നിയമന ഉത്തരവ് മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണം പാലിച്ചുകൊണ്ട് നിയമനം അംഗീകരിച്ചു നൽകുവാൻ നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ നിയമന ഉത്തരവും മറ്റു രേഖകളും 01/06/2022 ലേക്ക് മാറ്റി സമന്വയ വഴി സമർപ്പിച്ചിട്ടുണ്ടെന്ന് താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) ഈ സാഹചര്യത്തിൽ കോഴിക്കോട്, ഈങ്ങാപ്പുഴ എം.ജി.എം.എച്ച്.എസ്. എസി.ലെ എച്ച്.എസ്.ടി. ഹിന്ദി അധ്യാപിക ശ്രീമതി. നീതു ചാക്കോയുടെ ഇതേ സ്കൂളിലെ എച്ച്.എസ്.ടി. ഹിന്ദി ശ്രീ. ബേബി മാത്യു 31/3/2020-ന് വിരമിച്ച ഒഴിവിലുള്ള നിയമനം ശ്രീമതി. നീതു ചാക്കോ കെ-ടെറ്റ് നേടിയ തീയതിയായ 01/06/2022 മുതൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണം പാലിച്ചുകൊണ്ട് അംഗീകരിച്ചു നൽകുന്നതിന് താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA P**

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി
കോർപ്പറേറ്റ് മാനേജർ, കാതോലിക്കേറ്റ് എം.ഡി. സ്കൂൾസ്, ദേവലോകം, കോട്ടയം.
ശ്രീമതി. നീതു ചാക്കോ, എച് എസ് ടി(ഹിന്ദി), എം. ജി. എം. എച്ച്. എസ്. എസ്സ്, ഈങ്ങാപ്പുഴ, കോഴിക്കോട് ജില്ല
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
സെക്ഷൻ ഓഫീസർ
Date: 11-04-2025 12:54:30